മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ-ഇ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പുനർ നിർണ്ണയം ചെയ്യണമെന്ന് വിവിധ സർവീസ് സംഘടനകൾ ആവശ്യപ്പെടുകയുണ്ടായി. അതുസംബന്ധിച്ച് എല്ലാ അംഗീകൃത സർവീസ് സംഘടനകളുടേയും പ്രതിനിധികളുമായി മുഖ്യമന്ത്രി 6-11-1999 ൽ ചർച്ച നടത്തി. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് പുതുക്കിയ മാനദണ്ഡങ്ങൾപുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എയ്ഡ്സ് നിവാരണ പദ്ധതിക്ക് ലഭിക്കുന്ന വിദേശസഹായം

15 (*604) ശ്രീ. എൻ. കണ്ണൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡ്സ് രോഗ നിയന്ത്രണപദ്ധതികൾ നടന്നുവരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ ;

(സി) പദ്ധതികളുടെ നടത്തിപ്പിനായി വിദേശ രാജ്യങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചു വരുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതൊക്കെ വിദേശ ഏജൻസികളും വിദേശരാജ്യങ്ങളുമാണ് സഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എന്തു തുക വിദേശസഹായമായി ലഭിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) എയ്ഡ്സ് നിവാരണ പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എച്ച്) സംസ്ഥാനത്ത് എയ്ഡ്സ് രോഗികൾ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഐ) സംസ്ഥാനത്ത് കൂടുതൽ എയ്ഡ്സ് ബോധവൽക്കണ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) എയ്ഡ്സ് രോഗനിവാരണത്തിനായി ആയുർവേദ ചികിത്സ ഫലപ്രദമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനായി ആയുർവേദ ചികിത്സാ ഗവേഷണരംഗം ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി) കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭാഗമായ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണ് സംസ്ഥാനത്ത് എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിവിധ വാർത്താമാധ്യമങ്ങളിലൂടെ വിപുലമായ രീതിയിൽ എയ്ഡ്സ് ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ഇതിനായി നാടൻകലാരൂപങ്ങളും വാർത്താമാധ്യമങ്ങളും ഉപയോഗിച്ച് മാസ് മീഡിയ കാമ്പയിൻ നടത്തുന്നു. യുവതലമുറയിൽപ്പെട്ടവർക്കായി കുടുംബ ജീവിത വിദ്യാഭ്യാസ പരിപാടികൾക്ക് രൂപം നൽകി സ്കൂളുകളിലും കോളേജുകളിലും നടപ്പിലാക്കി വരുന്നു. മറ്റ് യുവതീയുവാക്കൾക്ക് നെഹ്റു യുവകേന്ദ്രവുമായി പ്രവർത്തിച്ചു ബോധവൽക്കരണം നടത്തുന്നു. പ്രായം, ജീവിതരീതി, ജീവിത സാഹചര്യം എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ തുറയിലുമുള്ള ജനങ്ങളിൽ നിന്നും വ്യത്യസ്ത സമൂഹങ്ങളെ കണ്ടെത്തി ആവശ്യാധിഷ്ഠിത ബോധവൽക്കരണം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനത്തിനായി ഒരു സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. സുരക്ഷിതമായ രക്തം ലഭിക്കുന്നതിനു വേണ്ടിയുള്ള സജ്ജീകരണങ്ങൾ ചെയ്തുവരുന്നു. ആരോഗ്യ രക്തദാതാക്കൾക്ക് എയ്ഡ്സ് രോഗനിയന്ത്രണവുമായും ചികിത്സയുമായും ബന്ധപ്പെട്ട പരിശീലനം നൽകി വരുന്നു. കേരളത്തിൽ 20 ലൈംഗിക രോഗ ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ലൈംഗിക രോഗമുള്ളവർക്ക് കൗൺസിലിംഗ് സംവിധാനവും സൗജന്യ ചികിത്സയും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്വമേധയാ എച്ച്. ഐ. വി. ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം തിരുവന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമാണ്. എച്ച്.ഐ.വി. അണുബാധയുള്ളവർക്കും എയ്ഡ്സ് രോഗികൾക്കും ശരിയായ ചികിത്സ നൽകുവാൻ വേണ്ടി ആരോഗ്യ വകുപ്പിലെ ഡോക്ടർമാക്കും മറ്റു ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) ബ്രിട്ടീഷ് ഹൈക്കമ്മീഷന്റെ ഭാഗമായ ഡിപ്പാർട്ടുമെന്റ് ഓഫ് ഇന്റർ നാഷണൽ ഡെവലപ്പ്മെന്റ് ഇൻഡ്യയിൽ (ഡി.എഫ്.ഐ.ഡി.ഐ.) നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിവരം ചുവടെ ചേർക്കുന്നു.

1997-1998-ൽ	1,08,42,502 രൂപയും
1998-1999-ൽ	2,46,45,289 രൂപയും
1999-2000-ൽ	3,54,44,032 രൂപയും ലഭിച്ചിട്ടുണ്ട്.

(എഫ്) എയ്ഡ്സ് നിവാരണ പദ്ധതിയുടെ പ്രവർത്തനത്തിന്റെ പൂർണ്ണമായ വിലയിരുത്തൽ നടത്തിയിട്ടില്ല. എങ്കിലും ഡിപ്പാർട്ടുമെന്റ് ഓഫ് ഇന്റർ നാഷണൽ ഡവലപ്മെന്റ് ഇൻഡ്യയിൽ നിന്ന് ലഭിക്കുന്ന സഹായം ഉപയോഗിച്ച് ഉള്ള പ്രവർത്തനങ്ങൾ എല്ലാ വർഷവും അവലോകനം ചെയ്യുന്നുണ്ട്.

(ജി) ഇപ്പോൾ കേരളത്തിലൊട്ടാകെ 40 പ്രോജക്ടുകൾ നല്ല രീതിയിൽ നടന്നു വരുന്നു. എയ്ഡ്സ് നിയന്ത്രണ പദ്ധതികളുടെ ഉദ്ദേശം എച്ച്. ഐ. വി. ബാധിതരുടെ എണ്ണം കുറയ്ക്കുക എന്നതാണ്. രക്തദാനത്തിലൂടെ അണുബാധ പകരുന്നത് പൂർണ്ണമായും തടഞ്ഞിട്ടുണ്ട്. ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കേരളത്തിലെ 90%-ൽ കൂടുതൽ പേരും എയ്ഡ്സ് രോഗത്തെപ്പറ്റി ബോധവാന്മാരാണെന്ന് 1998-ൽ നടത്തിയ സർവേയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ എച്ച്. ഐ. വി. പടരുന്നത് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(എച്ച്) സംസ്ഥാനത്ത് ലഭ്യമായ കണക്കുകൾ അനുസരിച്ച് 2002 എയ്ഡ്സ് രോഗികൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരുന്നു.

(ഐ) 3000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശമുണ്ട്.

(ജെ) പല രോഗികളിലും ആയുർവേദ ചികിത്സമൂലം ഗുണപരമായ മാറ്റം കണ്ടുവരുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. കൂടുതൽ ഗവേഷണങ്ങൾ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനായി യൂറോപ്യൻ കമ്മീഷന്റെ സാമ്പത്തിക സഹായം

16 (*605) ശ്രീ. കെ. ടി കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനായി യൂറോപ്യൻ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഈ പദ്ധതിയിലേയ്ക്കായി എന്ത് സാമ്പത്തിക സഹായം ലഭ്യമാക്കുമെന്നും എന്തെല്ലാം മേഖലകളിലാണ് പ്രസ്തുത തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly